**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3617** **02-03-2023 - ൽ മറുപടിയ്ക്ക്**

**അംഗീകൃത ഓർഫനേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര അംഗീകൃത ഓർഫനേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്ര ഓർഫനേജുകൾക്ക് സർക്കാർ ഗ്രാൻഡ് ഇൻ എയ്ഡ് നൽകുന്നുണ്ട്; | (എ) | സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് (ജെ ജെ) രജിസ്ട്രേഷനും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ (ഒസിബി) രജിസ്ട്രേഷനുമുള്ള 430 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ സർക്കാർ ഗ്രാൻഡ് ഇൻ എയ്ഡിന് (ധനസഹായം) അർഹതപ്പെട്ട 211 സ്ഥാപനങ്ങൾ ഉണ്ട്. |
| (ബി) | ഗ്രാൻഡ് ഇൻ എയ്ഡ് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; | (ബി) | നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ച ഗ്രാൻഡിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. |
| (സി) | 2018 ന ശേഷം അനാഥാലയങ്ങൾക്ക് ഗ്രാൻഡ് ഇൻ എയ്ഡ് നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (സി) | 2022 വർഷം മാർച്ച് മാസം വരെ സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡ് മുഖാന്തരമാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ഓർഫനേജുകൾക്ക് സർക്കാർ ഗ്രാൻഡ് ഇൻ എയ്ഡ് (ധനസഹായം) അനുവദിച്ച് വന്നിരുന്നത്. ആയതിൻപ്രകാരം വിവിധ ഓർഫനേജുകൾക്കായി 2018 മുതൽ 2022 വർഷം മാർച്ച് മാസം വരെയുള്ള കാലയളവിൽ **31,49,16,454/- രൂപ** ഗ്രാൻഡ് ഇൻ എയ്ഡ് ആയി ഓർഫനേജ് കൺട്രോൾ ബോർഡ് അനുവദിച്ചിട്ടുണ്ട്.<br><br>നിലവിൽ വിവിധ ഓർഫനേജുകൾക്ക് ധനസഹായം വനിത-ശിശു വികസന വകുപ്പ മുഖാന്തരമാണ് അനുവദിച്ച് പോരുന്നത്. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ച ഗ്രാൻഡിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല |

സെക്ഷൻ ഓഫീസർ